# വചനസുമം



വാല്യം 12 ❋ നവംബർ 2014 ❋ ലക്കം 11

# പ്രസംഗം തയ്യാറാക്കിയവർ

**നവംബർ 2** : **കൂദോശ് ഈത്തോ ഞായർ**

ബ്രദർ ജസ്റ്റിൻ ചക്കുങ്കൽ ഒ.ഐ.സി.

**നവംബർ 9** : **ഹൂദോസ് ഈത്തോ ഞായർ**

ബ്രദർ അഗസ്റ്റിൻ ഒ.ഐ.സി.

**നവംബർ 16** : **സഖറിയായോടുള്ള അറിയിപ്പ്**

ബ്രദർ മാത്യു പ്രഭുൽ ഒ.ഐ.സി.

**നവംബർ 23** : **പരി. ദൈവമാതാവിനോടുള്ള അറിയിപ്പ്**

ബ്രദർ ജെയിംസ് തടത്തിൽ ഒ.ഐ.സി.

**നവംബർ 30** : **പരി.ദൈവമാതാവ് എലിസബത്തിനെ സന്ദർശിക്കുന്നു**

ബ്രദർ ജോൺസൺ പേഴുംകൂട്ടത്തിൽ ഒ.ഐ.സി.



Printed : At Bethany Offset Printers, Kottayam
Published : By **Bethany Vedavinjana Peeth, Pune**
E-mail:bethanyktm@gmail.com
(For Private Circulation)

# 2014 നവംബർ 2
# കൂദോശ് ഈത്തോ ഞായർ
# പത്രോസിന്റെ വിശ്വാസ പ്രഖ്യാപനം

മർക്കോ 8:27-30; ഉൽപ 2:5-17; പുറ 33:7-11;
ഏശ 6:1-7; അപ്പ. പ്ര 2:37-47; എഫെ 2:11-22; മത്താ 16:13-23

**ബ്രദർ ജസ്റ്റിൻ ചക്കുങ്കൽ ഒ.ഐ.സി.**

രണ്ടു ചോദ്യങ്ങളോടെയാണ് ഇന്നത്തെ വേദഭാഗം ആരംഭിക്കുന്നത്. ഒന്നാമതായി യേശുനാഥൻ തന്റെ ശിഷ്യൻമാരോടു ചോദിക്കുകയാണ് "ഞാൻ ആരെന്നാണു ജനങ്ങൾ പറയുന്നത് "? തമ്പുരാന്റെ ഈ ചോദ്യത്തിന്റെ പശ്ചാത്തലം മനസ്സിലാക്കാൻ ആ സ്ഥലത്തിന്റെ പ്രത്യേകത നാം ആദ്യം അറിഞ്ഞിരിക്കേണ്ടിയിരിക്കുന്നു. കേസറിയാ - ഫിലിപ്പിയിലേക്കുള്ള യാത്രാമദ്ധ്യേയാണ് യേശു തന്റെ ശിഷ്യന്മാരോട് ഈ ചോദ്യം ചോദിക്കുന്നത്. ബൈബിൾ പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ ഗലീലിയിലെ കേസറിയാ - ഫിലിപ്പി പ്രദേശങ്ങൾ അന്ധവിശ്വാസങ്ങളുടെ നാട് അഥവാ അന്യദേവൻമാരിൽ വിശ്വസിച്ചിരുന്ന, അവർക്കു ബലിയർപ്പിച്ചിരുന്ന മന്ത്രവാദികളെക്കൊണ്ടു നിറഞ്ഞ നാടായിരുന്നു. അതുകൊണ്ടാണ് വി. മത്തായിയുടെ സുവിശേഷം 16-ാം അദ്ധ്യായം 6 മുതൽ 12 വരെയുള്ള വാക്യത്തിൽ കേസറിയ - ഫിലിപ്പിയിലേക്കു പ്രവേശിക്കുന്നതിനുമുമ്പ് "ഫരിസേയരുടെയും സദൂക്കായരുടെയും പുളിമാവിനെ സൂക്ഷിച്ചുകൊള്ളുക" എന്നു തന്റെ ശിഷ്യന്മാർക്കു താക്കീതു കൊടുക്കുന്നത്. യേശുനാഥൻ അവരോടു പറയുകയാണ് "അവരുടെ പ്രബോധനത്തെ നിങ്ങൾ സൂക്ഷിച്ചുകൊള്ളുക". അങ്ങനെ യേശുവും ശിഷ്യന്മാരും കേസറിയ - ഫിലിപ്പിയുടെ വഴിയോരങ്ങൾ താണ്ടി തങ്ങളുടെ യാത്ര നടത്തുകയാണ്. നിമിഷനേരംകൊണ്ടു ജാലവിദ്യ കാണിക്കുന്ന അനേകം മന്ത്രവാദികളെ അവർ ആ വഴിയുടെ ഇരുവശത്തും

കണ്ടിരിക്കാം... ബേൽസബൂലിനെക്കൊണ്ടു പിശാചുക്കളെ പുറത്താക്കുന്ന, രോഗസൗഖ്യം നൽകുന്ന അനേക ഇന്ദ്രജാലക്കാരെ അവർ ആ പാതയോരത്തു കണ്ടിരിക്കാം.... ആ യാത്രയുടെ അവസാനം യേശു അവരോടു ചോദിക്കുകയാണ്.... "ഞാൻ ആരെന്നാണു ജനങ്ങൾ പറയുന്നത്"? അന്ധനു കാഴ്ച കൊടുത്ത, മുടന്തനു സൗഖ്യം കൊടുത്ത, അഞ്ച് അപ്പംകൊണ്ട് അയ്യായിരത്തെ തൃപ്തിയടയിച്ച താൻ ആരെന്നാണ് ഈ ജനങ്ങൾ പറയുന്നത്?

യേശു നാഥൻ രണ്ടാമതായി ചോദിക്കുന്നു "ഞാൻ ആരെന്നാണു നിങ്ങൾ കരുതുന്നത്"? യേശു ഇന്ന് എനിക്ക് ആരാണ്? അന്നും ഇന്നും എന്നും പ്രസക്തമായ ഒരു ചോദ്യം. ഈ ചോദ്യത്തിനു ഉത്തരം പറയുവാൻ മുൻകൈയ്യെടുക്കുന്നതു മറ്റാരുമല്ല; അന്ധവിശ്വാസത്തിന്റെ നാടായ കേസറിയ - ഫിലിപ്പി സ്ഥിതി ചെയ്യുന്ന ഗലീലിയിൽ ജനിച്ചു വളർന്ന പത്രോസ്. പത്രോസാണ് യേശുവിന്റെ ചോദ്യത്തിനു മറുപടി പറയുന്നത്. ചെറുപ്പം മുതലേ അന്ധവിശ്വാസങ്ങൾ കണ്ടു വളർന്ന്, അവരുടെ മായാജാലങ്ങളെ അടുത്തറിഞ്ഞ പത്രോസ് പറയുകയാണ് - "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്". യേശുവിനൊപ്പം നടന്നതിന്റെ, കൂടെയായിരുന്നതിന്റെ തിരിച്ചറിവിൽനിന്നുള്ള പ്രഖ്യാപനം. നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്.

യേശുവിന്റെ ഈ രണ്ടു ചോദ്യങ്ങളും നമ്മുടെ വ്യക്തിപരമായ ജീവിതത്തിന് ഒരു വലിയ പാഠം പകർന്നുതരുന്നുണ്ട്. **ഞാൻ അറിഞ്ഞ വിശ്വാസത്തെ തിരിച്ചറിവുകളുടെ വിശ്വാസമാക്കി മാറ്റുക._ Second hand faith experience നെ Personal faith experience ആക്കി മാറ്റുക.** ചെറുപ്പം മുതലെ നമ്മൾ യേശുവിനെപ്പറ്റി കേൾക്കുന്നുണ്ട്... പഠിക്കുന്നുണ്ട്... അറിയുന്നുമുണ്ട്. എന്നാൽ ഈ അറിവ് തിരിച്ചറിവിന്റെ വിശ്വാസമായി മാറുന്നുണ്ടോ? എന്റെ വിശ്വാസം തിരിച്ചറിവിന്റെ വിശ്വാസമാണോ എന്നറിയാൻ ഇന്നത്തെ വേദഭാഗത്തിൽ തമ്പുരാൻ മൂന്നു check list കൾ നമുക്കു തരുന്നുണ്ട്.

**1)** ഒന്നാമതായി എന്റെ വിശ്വാസം തിരിച്ചറിവിന്റെ വിശ്വാസമാകണമെങ്കിൽ അവിടെ **ദൈവിക വെളിപ്പെടുത്തലുകൾ ഉണ്ടാകണം.** മത്തായി 16:17 ൽ നാം വായിക്കുന്നു, "യോനയുടെ പുത്രനായ ശിമയോനെ നീ ഭാഗ്യവാൻ! മാംസരക്തങ്ങളല്ല സ്വർഗ്ഗസ്ഥനായ എന്റെ പിതാവാണ് നിനക്കിതു വെളിപ്പെടുത്തിത്തന്നത്". നമ്മുടെയും വ്യക്തിഗത ജീവിതത്തിൽ സ്വർഗ്ഗീയ വെളിപ്പെടുത്തലുകൾ ഉണ്ടാകണം. നമ്മുടെ ദിനംപ്രതിയുള്ള പ്രാർത്ഥനകൾ, വി. കുർബ്ബാനകൾ ദൈവസ്വരം ശ്രവിക്കുന്ന, ദൈവിക വെളിപ്പെടുത്തലുകളുടെ ധന്യനിമിഷങ്ങളാകണം.

**2)** രണ്ടാമത്തെ check list യേശുനാഥൻ തരുന്നത് എന്റെ വിശ്വാസം തിരിച്ചറിവിന്റെ വിശ്വാസമാകണമെങ്കിൽ **പാറപോലെ ഉറച്ച വിശ്വാസം എനിക്കുണ്ടാവണം.** വി. മത്തായി 16:18 ൽ നാം വായിക്കുന്നു "നീ പത്രോസാണ്, ഈ പാറമേൽ എന്റെ സഭയെ ഞാൻ സ്ഥാപിക്കും". പത്രോസിന്റെ ദൃഢമായ അല്ലെങ്കിൽ പാറപോലുള്ള വിശ്വാസത്തെയാണ് ഇവിടെ സൂചിപ്പിക്കുക. ഈ ഉറച്ച വിശ്വാസമാകുന്ന പാറമേൽ പണിയപ്പെട്ട ഭവനത്തെപ്പറ്റി വി. മത്തായിയുടെ സുവിശേഷം 7-ാം അദ്ധ്യായം 25-ാം വാക്യത്തിൽ നാം ഇപ്രകാരം വായിക്കുന്നു - "മഴ പെയ്തു, വെള്ളപ്പൊക്കമുണ്ടായി, കാറ്റൂതി, അതു ഭവനത്തിൻമേൽ ആഞ്ഞടിച്ചു. എങ്കിലും അതു വീണില്ല. എന്തുകൊണ്ടെന്നാൽ, അതു പാറമേൽ സ്ഥാപിതമായിരുന്നു." നമ്മുടെ ഭവനങ്ങളും അതിലെ ജീവിതങ്ങളും ഈ വിശ്വാസമാകുന്ന ഉറച്ച അടിത്തറമേൽ പണിയപ്പെടണം. അങ്ങനെ നമ്മുടെ വിശ്വാസം തിരിച്ചറിവുകളുടെ വിശ്വാസമായി മാറാൻ പത്രോസിനെപ്പോലെ പാറപോലെയുള്ള വിശ്വാസത്തിനു നാമും ഉടമകളാകണം.

**3)** മൂന്നാമത്തെ check list തമ്പുരാൻ തരുന്നത് നമ്മുടെ വിശ്വാസം തിരിച്ചറിവുകളുടെ വിശ്വാസമാകണമെങ്കിൽ നാം **സഭയോടു ചേർന്നു നടക്കുന്നവരാകണം, സഭയോടു ചേർന്നു ചിന്തിക്കുന്നവരാകണം.** ലയോളയിലെ വി. ഇഗ്നേഷ്യസ് ഇപ്രകാരം പഠിപ്പിക്കുന്നു **"Sentire cum**

**Ecclesia" – സഭയോടു ചേർന്നു ചിന്തിക്കുന്നവരായി മാറുക**. മത്തായി 16:18 ൽ തമ്പുരാൻ പറയുന്നു "ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും. നരകകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല". നാമും തമ്പുരാന്റെ ഈ സഭയോടു ചേർന്നു ചിന്തിക്കുന്നവരാകണം. സഭയുടെ പഠിപ്പിക്കലുകളെ ആഴത്തിൽ മനസ്സിലാക്കുകയും ഹൃദയത്തിൽ പേറുകയും വേണം. സഭ നിഷ്ക്കർഷിക്കുന്ന നോമ്പിന്റെയും പ്രാർത്ഥനയുടെയും ഉപവാസത്തിന്റെതുമായ ചൈതന്യം നമ്മുടെ ജീവിതത്തിൽ ഉണ്ടാകണം. സർവ്വോപരി ക്രിസ്തുവിന്റെ മണവാട്ടിയായ, ശരീരമായ സഭയെ സ്നേഹിക്കുന്നവരായി മാറുക. സഭയോടു ചേർന്നു ചിന്തിക്കുന്നവരായി മാറുക.

**ഉപസംഹാരം**

ഈ മൂന്നു കാര്യങ്ങൾ നമ്മുടെ ജീവിതത്തിന്റെ ഭാഗമാകുമ്പോൾ നമ്മുടെ വ്യക്തിപരമായ ജീവിതങ്ങൾ അവിടെ വിശുദ്ധീകരിക്കപ്പെടും. നമ്മുടെ കുടുംബങ്ങൾ വിശുദ്ധീകരിക്കപ്പെടും. അതുവഴി സഭ വിശുദ്ധീകരിക്കപ്പെടും. ഈ കൂദോശ് ഈത്തോ ഞായറിൽ അഥവാ സഭാ വിശുദ്ധീകരണത്തിന്റെ പരിശുദ്ധമായ ഈ ദിവസത്തിൽ തമ്പുരാൻ തരുന്ന ഈ മൂന്നു check list കളെ പത്രോസിനെപ്പോലെ നമുക്കും നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കാം. അങ്ങനെ നാം നാളിതുവരെ അറിഞ്ഞ, അനുഭവിച്ചറിഞ്ഞ, കേട്ടറിഞ്ഞ വിശ്വാസത്തെ തിരിച്ചറിവുകളുടെ വിശ്വാസമാക്കി നമുക്കു വാർത്തെടുക്കാം.

# 2014 നവംബർ 9
# ഹൂദോസ് ഈത്തോ ഞായർ

യോഹ.10:7-18, പുറ.32:1-14, സുഭാ.16:1-9, എസക്കി.8:1-6, വെളി.21:1-8, എഫേ.4:17-24. യോഹ.2:13-22

**ബ്രദർ അഗസ്റ്റിൻ ഒ. ഐ. സി.**

## പശ്ചാത്താലം

തിരുസഭയുടെ ആദ്യകാലങ്ങളിൽ ആരാധനയ്ക്കായി യഹൂദരും ആദിമക്രിസ്ത്യാനികളും ഉപയോഗിച്ചിരുന്നത് ജറുസലേം ദേവാലയമായിരുന്നു. എന്നാൽ ദേവാലത്തിന്റെ തകർച്ചയോടുകൂടി യഹൂദരും ക്രിസ്ത്യാനികളും തമ്മിൽ അകൽച്ചയുണ്ടാവുകയും ക്രിസ്ത്യാനികൾക്കു തങ്ങളുടെ അസ്ഥിത്വത്തെപ്പറ്റി സംശയങ്ങളുണ്ടാവുകയും ചെയ്തു. ഈ അവസരത്തിലാണ് യോഹന്നാൻ ഈ വേദഭാഗം രചിക്കുന്നത്. ക്രിസ്തുവിന്റെ ജറുസലേമിലെ പ്രവർത്തനങ്ങൾക്കു പ്രാധാന്യം നൽകിയതുകൊണ്ടാണ് ഈ വേദഭാഗം സമാന്തര സുവിശേഷങ്ങളിൽ നിന്ന് വിഭിന്നമായി ഈ സുവിശേഷത്തിൽ ആദ്യഭാഗങ്ങളിൽ കാണുവാൻ കഴിയുന്നുത്.

## പ്രമേയം

ദൈവം വസിക്കുന്നിടം ദേവാലയം. ഒരുവനു ദൈവത്തിന്റെ സാദൃശ്യം കണ്ടെത്തുവാൻ കഴിയുന്ന ഏതുസാഹചര്യവും ദേവാലയമാണ്. **'നാം ആയിരിക്കുന്നിടം ദേവാലയമാകണം'** എന്ന വിളിയിലേക്കാണ് ഈ വേദഭാഗം നമ്മെ വിളിക്കുന്നത്. ഈ കാഴ്ചപ്പാട് ഉള്ളിലുണ്ടാകുമ്പോൾ നമ്മിൽ ഒരു നവീകരണം ഉണ്ടാകും. ഓരോ വിശ്വാസിയുടേയും ഇങ്ങനെയുള്ള നവീകരണത്തിലൂടെയാണ് തിരുസഭ നവീകരിക്കപ്പെടുന്നത്.

## സന്ദേശം

ഇന്നു തിരുസഭ കൂദോശീത്തോ ഞായർ ആചരിക്കുകയാണ്. ഹൂദോശീത്തോ എന്ന വാക്കിനർത്ഥം തിരുസഭയുടെ നവീകരണം എന്നാണ്. തിരുസഭ ദൈവജനമാണ്. തിരുസഭയുടെ നവീകരണം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് തിരുസഭയാകുന്ന പ്രസ്ഥാനത്തിന്റെ നവീകരണമല്ല, മറിച്ച് തിരുസഭയിലെ അംഗങ്ങളായ ഓരോ വിശ്വാസിയുടേയും നവീകരണമാണ്. ഈ നവീകരണത്തിലേക്കു നമ്മെ നയിക്കുവാനാണ് നമ്മുടെ പ്രാർത്ഥനകൾക്കും വിചിന്തനത്തിനുമായി യോഹ 2: 13-22 വേദഭാഗം നൽകിയിരിക്കുന്നത്. ഈ വേദഭാഗത്തിലേക്കു കടന്നു ചെല്ലുമ്പോൾ പ്രധാനമായും 'ദേവാലയം' എന്ന ആശയത്തിനു പുതിയ കാഴ്ചപ്പാടു നൽകുന്ന ക്രിസ്തുവിനേയാണ് നമുക്കു കാണുവാൻ കഴിയുന്നത്.

ജറുസലേം ദേവാലയം യഹൂദരെ സംബന്ധിച്ച് തങ്ങളുടെ ജീവിതയാത്രയിൽ തുണയായിരുന്ന ദൈവത്തിന്റെ ആലയമായിരുന്നു. ആ ദൈവസാന്നിധ്യത്തെ കണ്ട്, അനുഭവിച്ച്, ആ ചിന്തയാൽ ജീവിതത്തെ നിർമ്മലമാക്കുവാനാണ് ഓരോ യഹൂദനും ദൂരങ്ങൾ താണ്ടി ദേവാലയത്തിൽ വരുന്നത്. എന്നാൽ അതിനു അനുവദിക്കാതെ, സാഹചര്യം നൽകാതെ അവനെ അവഗണിക്കുന്ന സമൂഹത്തോടുള്ള എതിർപ്പിന്റെ പ്രതീകമായിട്ടാണ് ക്രിസ്തു ചമ്മട്ടിയെടുക്കുന്നത്. തന്റെ പ്രവൃത്തിയിലൂടെ ക്രിസ്തു ഇവിടെ തുറന്നുകാണിക്കുന്നത് വ്യവസ്ഥാപിത ആഗ്രഹങ്ങളും താൽപര്യങ്ങളും നിറവേറ്റുന്ന ഇടമല്ല ദേവാലയമെന്നാണ്. ദേവൻ കുടിയിരിക്കുന്നയിടം പവിത്രമല്ലെങ്കിൽ അതിനെ എങ്ങനെ ദേവാലയമെന്നു വിളിക്കും?

### ക്രിസ്തുവിനു എന്താണു ദേവാലയം?

ഈ വേദഭാഗത്തിൽ ക്രിസ്തുവിന്റെ പ്രവൃത്തികൾക്കു അടയാളം അന്വേഷിക്കുന്ന യഹൂദസമൂഹത്തെ നമുക്കു കാണുവാൻ സാധിക്കും. ഇതിനു കാരണം, വരുവാനിരിക്കുന്നവൻ യേശു തന്നെയാണോ എന്നു അവർക്കു തീർച്ചപ്പെടുത്തുവാൻ വേണ്ടിയായിരുന്നു. അത്ഭുതങ്ങളു

ടേയും അടയാളങ്ങളുടേയും അടിസ്ഥാനത്തിലാണ് യഹൂദസമൂഹം മിശിഹായെ ചിത്രീകരിച്ചിരുന്നത്. യഹൂദരുടെ ഈ ചോദ്യത്തിനു ഓരോ യഹൂദനേയും മുറിവേൽപ്പിക്കുന്ന ഒരു ഉത്തരമാണ് ക്രിസ്തു നൽകുന്നത്. "നിങ്ങൾ ഈ ദേവാലയം നശിപ്പിക്കുക; മൂന്നു ദിവസത്തിനകം ഞാനതു പുനരുദ്ധരിക്കും" (യോഹ 2: 19). അതിനാലാണ് ക്രിസ്തുവിന്റെ വിചാരണസമയത്ത് ഇപ്രകാരം അവനെതിരെ കുറ്റം ഉന്നയിക്കുന്നത്: "ഈ ദേവാലയം നശിപ്പിക്കാനും മൂന്നു ദിവസംകൊണ്ടു നിർമ്മിക്കുവാനും എനിക്കു സാധിക്കുമെന്ന് ഇവൻ പറഞ്ഞിട്ടുണ്ട് " (മത്താ 26: 61). എന്നാൽ ദേവാലയം എന്നതുകൊണ്ട് എന്താണ് ക്രിസ്തു ഉദ്ദേശിച്ചതെന്നു അവന്റെ മരണശേഷമാണ് ശിഷ്യന്മാർ മനസ്സിലാക്കുന്നത്. "അവൻ പറഞ്ഞത് തന്റെ ശരീരമാകുന്ന ആലയത്തെപ്പറ്റിയാണ്"(യോഹ 2: 21).

മനുഷ്യനിർമ്മിതമായ കെട്ടിടങ്ങൾക്കുള്ളിൽനിന്നു ക്രിസ്തുവിലേക്കുള്ള യാത്രയിലേക്കാണു ഈ വേദഭാഗം നമ്മെ കൂട്ടിക്കൊണ്ടു പോകുന്നത്. ഇവിടെയാണ് "ഈ മലയിലോ ജറുസലേമിലോ നിങ്ങൾ പിതാവിനെ ആരാധിക്കാത്ത സമയം വരുന്നു" (യോഹ 4:21) എന്ന സമരിയാക്കാരിയോടുള്ള ക്രിസ്തുവചനത്തിനു പ്രാധാന്യം ഏറുന്നത്. ക്രിസ്തുവിനു ദേവാലയം എന്നത് താൻ ആയിരുന്ന സാഹചര്യങ്ങളായിരുന്നു. താൻ ആയിരുന്ന ഓരോ സാഹചര്യങ്ങളിലും ക്രിസ്തു ദൈവസാന്നിദ്ധ്യം അനുഭവിച്ചിരുന്നു. അതുകൊണ്ടാണ് വിജനപ്രദേശത്തും മലയിലും കുരിശിൽപോലും ക്രിസ്തുവിനു ദൈവസാന്നിധ്യം കാണുവാനും, താൻ കണ്ടുമുട്ടിയ പാപിനിയോടും കുഷ്ഠരോഗിയോടും വ്യത്യസ്തമായ ഒരു മനോഭാവം പുലർത്തുവാൻ കഴിഞ്ഞതും.

**എന്താണ് ക്രിസ്തുവിനെ അനുഗമിക്കുന്ന നമുക്കു ദൈവാലയം?**

ദേവാലയം പവിത്രതയും ദിവ്യതയും നിറഞ്ഞുനിൽക്കുന്ന ദൈവസാന്നിധ്യമാണ്. ക്രിസ്തുവിനു തന്റെ സാഹചര്യങ്ങൾ ദേവാലയമാക്കുവാൻ കഴിഞ്ഞെങ്കിൽ നമ്മുടെ ജീവിതസാഹചര്യങ്ങളേയും ദേവാലയതുല്യമാക്കി അതിലൂടെ നമ്മെ നവീകരിക്കുവാനാണ് ഈ വേദഭാഗം ആഹ്വാനം ചെയ്യുന്നത്.

**അതു എങ്ങനെ നമ്മിൽ സാധ്യമാകും?**

ക്രിസ്തുവിനു അപരനോടുണ്ടായ കാഴ്ചപ്പാടുകൾ നമ്മുടെ ജീവിതത്തിലും പകർന്നുനൽകുന്നതിലൂടെയാണ് അതു നമ്മിൽ സാധ്യമാകുന്നത്. ഇന്നു പലപ്പോഴും അതിനു കഴിയാതെ പോകുന്നത് നമുക്കും ക്രിസ്തുവിനും തമ്മിൽ ആ ഒരു അന്തരം ഉള്ളതുകൊണ്ടാണ്. മറ്റുള്ളവരുടെ വിജയത്തിൽ സന്തോഷിക്കുവാനും മറ്റുള്ളവരുടെ ദു:ഖങ്ങളിൽ ദു:ഖിക്കുവാനും പ്രതിഫലേച്ഛയില്ലാതെ നന്മ പറയുവാനും, നന്മ ചെയ്യുവാനും തുടങ്ങുമ്പോൾ നാം ആയിരിക്കുന്ന സാഹചര്യങ്ങളും ദേവാലയത്തിന്റെ പവിത്രതയിലേക്കു ഉയരും. നമുക്കതിനു കഴിയാതെ പോകുന്നത് "തന്റെ ഛായയിലും സാദൃശ്യത്തിലും" ദൈവം സൃഷ്ടിച്ച മനുഷ്യനിലെ ദൈവസാന്നിധ്യം അറിഞ്ഞോ അറിയാതെയോ ശ്രദ്ധിക്കാതെ പോകുന്നതുകൊണ്ടാണ്. നാം അതിൽ പരാജയപ്പെടുന്നത് അപരനിൽ ദൈവസാന്നിധ്യം ഉണ്ടെന്നറിഞ്ഞാൽ അവന്റ മുമ്പിൽ ദൈവത്തിന്റെ സന്നിധിയിലെന്നപ്പോലെ എളിമയോടും ആദരവോടും തല കുനിച്ചു നിൽക്കേണ്ടി വരും എന്നു ചിന്തിക്കുന്നതുകൊണ്ടാണ്. അതുകൊണ്ടാണ് നാം ആയിരിക്കുന്നിടം ദേവാലയമാക്കുവാൻ കഴിയാതെ പോകുന്നത്.

## ഉപസംഹാരം

ഇന്നു തിരുസഭ ഹൂദോസീത്തോ ഞായർ ആചരിക്കുന്നതിലൂടെ നമ്മിൽനിന്നും ഈ ഒരു നവീകരണമാണ് ആവശ്യപ്പെടുന്നത്. എനിക്കു എന്താണു ദേവാലയം? ഞാൻ ആയിരിക്കുന്നിടം ദേവാലയമാക്കുവാൻ എനിക്കാകുന്നുണ്ടോ? ഈ ഒരു നവീകരണവും വിശുദ്ധിയും നമുക്കുണ്ടാകട്ടെ. നമ്മളിലോരുത്തരിലൂടെയാണ് തിരുസഭയും നവീകരിക്കപ്പെടുന്നത്. അതിനുവേണ്ടി നമുക്കുപ്രാർത്ഥിക്കാം.

# 2014 നവംബർ 16

# സഖറിയായോടുള്ള അറിയിപ്പ്

ലൂക്കോ. 7:24–28; ഉൽപ. 17:15–22; സുഭാ. 1:8–19; മലാക്കി 4:1–66; അപ്പ.പ്രവ. 3:7–26; റോമ. 4:13–25; ലൂക്കോ. 1:5–25.

**ബ്രദർ മാത്യു പ്രഭൂൽ ഒ. ഐ. സി.**

## പ്രമേയം

പുരോഹിതനായ സഖറിയായ്ക്ക് ബലിയർപ്പണ വേളയിൽ ഗബ്രിയേൽ മാലാഖ പ്രത്യക്ഷപ്പെട്ട് സ്നാപക യോഹന്നാന്റെ ജനനവാർത്ത അറിയിക്കുന്നു. ഇതിനു അടയാളം ചോദിക്കുന്ന സഖറിയ മൂകനായിരുന്നു. ധൂപാർപ്പണം പൂർത്തിയാക്കാൻ പറ്റാതെ അവൻ തിരികെ പോകുന്നു.

## പശ്ചാത്തലം

ലൂക്കാ സുവിശേഷകൻ തന്റെ സുവിശേഷം ആരംഭിക്കുന്നത് രണ്ട് അറിയിപ്പു കഥകളോടു കൂടിയാണ്. അതിൽ ഒന്നാമത്തെ അറിയിപ്പായ സഖറിയായോടുള്ള അറിയിപ്പാണ് ഇന്നത്തെ വചനഭാഗം. പഴയനിയമത്തിൽ, രക്ഷാകര ചരിത്രത്തിന്റെ ഭാഗമാകുന്ന അനേകം വ്യക്തികളുടെ ജനനവാർത്തയുടെ അറിയിപ്പു നൽകുന്ന അതേ രീതിയിലാണ് ഈ ഭാഗവും ചിട്ടപ്പെടുത്തിയിരിക്കുന്നത്. ചില സ്ത്രീകളുടെ വന്ധ്യത്വം അവരിലൂടെ ദൈവകാരുണ്യം പ്രകടമാക്കുന്നതിന് കാരണമായി തീരുന്നതാണ് ഇവിടെയും ആവർത്തിക്കപ്പെടുക. രക്ഷകന്റെ ജനനത്തിനു മുന്നോടിയായി ജനിക്കുന്ന സ്നാപക യോഹന്നാനെപ്പറ്റിയുള്ള അറിയിപ്പു വാർത്തയാണ് ഈ വേദഭാഗത്തിന്റെ പശ്ചാത്തലം.

## സന്ദേശം

വചനിപ്പുകാലം ഒരുക്കത്തിന്റെയും കാത്തിരിപ്പിന്റെയും കാലമാണ്. കാത്തിരിപ്പ് ഒരു സുഖമുള്ള നോവാണ്. വിദൂരത്തായിരിക്കുന്ന

മകനുവേണ്ടി ദിനവും രാവും വീടിന്റെ ഉമ്മറത്ത് വിദൂരത്തേക്കു നോക്കി കാത്തു നിൽക്കുന്ന ഒരു അമ്മയുടെ പ്രതീകമാണ് മാതാവ് നമുക്ക് നൽകുക. മനുഷ്യന്റെ ഉൽപത്തിയിൽ ആദിമാതാപിതാക്കളുടെ പാപം നിമിത്തം നഷ്ടമായ ദൈവമനുഷ്യബന്ധം പുനഃസ്ഥാപിക്കുവാനായി ദൈവം വാഗ്ദാനം ചെയ്ത ആ രക്ഷനു വേണ്ടിയുള്ള കാത്തിരിപ്പാണ് വചനിപ്പുകാലം. ഈ കാലഘട്ടത്തിലെ വേദവായനകൾ രക്ഷകനെ ഉള്ളിൽ സ്വീകരിക്കുവാൻ നമ്മെ ഒരുക്കുന്നവയാണ്.

വചനിപ്പ് കാലത്തിലെ ആദ്യ ഞായറാഴ്ചയായ ഇന്ന് സഭാ മാതാവു നമ്മുടെ ചിന്തയ്ക്കും പ്രാർത്ഥനയ്ക്കുമായി നൽകുന്ന വേദഭാഗം വി. ലൂക്കാ. 1:5-25 വരെയുള്ള വാക്യങ്ങളാണ്. സായാഹ്നത്തിൽ എത്തി നിൽക്കുന്ന സഖറിയാ എലിസബെത്ത് ദമ്പതികളുടെ ജീവിതത്തിൽ വെളിപാടിന്റെ പുതു സൂര്യോദയം വീശുന്ന ദൈവത്തെയാണ് നമ്മുക്കിവിടെ കാണുവാൻ സാധിക്കുക. വചനം സാക്ഷിക്കുന്നതുപോലെ വന്ധ്യയായിരുന്ന എലിസബത്തിലൂടെ രക്ഷകന്റെ മുന്നോടിയെ ജനിപ്പിക്കുന്ന ദൈവത്തിന്റെ അത്ഭുതകരമായ പദ്ധതിയുടെ അനുസ്മരണമാണ്.

**വന്ധ്യത്വം**

എലിസബെത്തിന്റെ വന്ധ്യത്വം ആഴമേറിയ ധ്യാനങ്ങൾക്കു നമ്മെ ആഹ്വാനം ചെയ്യുന്ന ഒന്നാണ്. Oxford dictionary-ൽ “barrenness” എന്ന വാക്കിനു നൽകപ്പെടുന്ന അർത്ഥം being unproductive എന്നാണ്. ഉൽപാദനശേഷിയില്ലാത്ത അവസ്ഥയാണ് വന്ധ്യത്വം. ഫലം പുറപ്പെടുവിക്കാത്ത ഒരു മരത്തെ English-ൽ barren എന്നാണ് വിളിക്കുക.

**വന്ധ്യത്വം പഴയനിയമത്തിൽ**

യഹൂദപാരമ്പര്യമനുസരിച്ച് വന്ധ്യത്വം ഒരു ശാപമായിരുന്നു. മക്കൾക്കു ജന്മം കൊടുക്കാൻ ഭാഗ്യമില്ലാത്തവർ ദൈവത്തിന്റെ കോപത്തിനു ഇരയായവരായി കണക്കാക്കപ്പെട്ടിരുന്നു. “ലെയ അവഗണിക്കപ്പെടുന്നതായി കർത്താവു കണ്ടു. അവിടുന്ന് അവൾക്ക് ഗർഭധാരണ

ശക്തി നൽകി" (ഉൽപ. 29:31); "പുത്ര സൗഭാഗ്യം ലഭിച്ച റാഹേൽ പറഞ്ഞു: "എന്റെ അപമാനം കർത്താവ് നീക്കിക്കളഞ്ഞു" (ഉൽപ. 30:23). "മനുഷ്യരുടെ ഇടയിൽ എനിക്കുണ്ടായിരുന്ന അപമാനം നീക്കിക്കളയാൻ കർത്താവ് എന്നെ കടാക്ഷിച്ച് എനിക്കിതു ചെയ്തു തന്നിരിക്കുന്നു" (ലൂക്കാ. 1:25) ഈ പശ്ചാത്തലത്തിൽ നിന്ന് നാം ചിന്തിക്കുമ്പോൾ എലിസബെത്തും സഖറിയായും ഒരു മരുഭൂമി അനുഭവത്തിലൂടെ കടന്നു പോവുകയായിരുന്നു. ഉദരത്തിലുള്ള മരുഭൂമി അവസ്ഥയും അതുമൂലം സമൂഹത്തിൽ നിന്ന് അനുഭവിക്കേണ്ടി വരുന്ന അപമാന മെന്ന മരുഭൂമി അവസ്ഥയും.

**സഖറിയ അനുഭവിക്കുന്ന നാവിന്റെ വന്ധ്യത്വം**

ഉദരത്തിലുള്ള മരുഭൂമിയവസ്ഥയെ ഫലപുഷ്ടമാക്കാനുള്ള സന്ദേശവുമായാണ് മാലാഖ കടന്നു വരുന്നത്. എന്നാൽ ദൈവത്തിൽ നിന്നുള്ള വെളിപാടിനു തടസ്സം നിന്നുകൊണ്ട് ഇതിന് ഒരടയാളം അവൻ ചോദിക്കുന്നു. ഈ ചോദ്യവും പഴയനിയമാധിഷ്ഠിതമായ ഇസഹാക്ക് ജനിക്കും എന്ന വാർത്ത കേൾക്കുമ്പോൾ അബ്രഹാം ദൈവത്തോട് ചോദിക്കുന്നു "ദൈവമായ കർത്താവേ ഇത് സംഭവിക്കുമെന്ന് ഞാനെങ്ങനെ അറിയും?" (ഉൽപ്പത്തി 15:8); വീണ്ടും ഗിദെയോൻ ദൈവത്തോട് അടയാളം ചോദിക്കുന്നതായി നാം കാണുന്നു. (ന്യായാധിപന്മാർ 6:36-40) ഹെസക്കിയ ഏശയ്യായോടു ചോദിക്കുന്നു. "കർത്താവ് എന്നെ സുഖപ്പെടുത്തുകയും മൂന്നാം ദിവസം ഞാൻ കർത്താവിന്റെ ആലയത്തിൽ പോവുകയും ചെയ്യുമെന്നതിന് എന്താണ് അടയാളം?" (2 രാജാക്കന്മാർ 20:8) പഴയനിയമ കാലം മുതലുള്ള ഈ ചോദ്യത്തിനു ദൈവം ഒരിക്കലും ശിക്ഷ നൽകിയിട്ടില്ല. അതുകൊണ്ട് തന്നെ അടയാളം ചോദിച്ചപ്പോൾ സഖറിയ മൂകനായിതീരുന്നത് ഒരു ശിക്ഷയായിട്ടല്ല മറിച്ച് ഒരു അടയാളമായിട്ടാണ് ഉദരത്തിന്റെ വന്ധ്യത്വം മാറ്റുന്ന ദൈവം അവനു നൽകിയ അടയാളം നാവിന്റെ വന്ധ്യത്വമായിരുന്നു. നാവിന്റെ വന്ധ്യത്വം രണ്ട് പ്രധാന സൂചനകളാണ് നമ്മുടെ ജീവിതത്തിൽ നൽകുക. ഒന്ന് നാവിന്റെ വന്ധ്യത്വം ഒരു രൂപാന്തരീകരണം, രണ്ട്: ദൈവമഹത്വം വെളിപ്പെടാനുള്ള ഉപാധി.

**നാവിന്റെ വന്ധ്യത്വം ഒരു രൂപാന്തരീകരണം**

സഖറിയായുടെ ഈ വന്ധ്യത്വം ഒരു രൂപാന്തരീകരണത്തിന്റെ കഥയാണ് പറയുന്നത്. നാവ് ശബ്ദത്തിന്റെ ഉത്ഭവ സ്ഥലമാണ്. ഇതുവരെ സഖറിയ പ്രാർത്ഥിച്ചത് നാവുകൊണ്ടായിരുന്നു. അതുകൊണ്ടാണ് അവൻ ദൈവത്തിന്റെ വെളിപാടിനു തടസ്സമായി നിന്നത്. എന്നാൽ ഈ രൂപാന്തരീകരണത്തിന്റെ സമയം മുതൽ അവന്റെ പ്രാർത്ഥന ഉള്ളിൽ നിന്നാണ്. ബാഹ്യതയിൽ നിന്നും ആന്തരികതയിലേക്കുള്ള അവന്റെ രൂപാന്തരണമാണ് നാവിന്റെ വന്ധ്യത്വം സൂചിപ്പിക്കുക. സഖറിയായുടെ ഈ രൂപാന്തരീകരണം ആഴമേറിയ ഒരു സൂചനയാണ് നമ്മുടെ ജീവിതത്തിൽ നൽകുക. നമ്മുടെ ജീവിതത്തിൽ പലപ്പോഴും വന്ധ്യത്വങ്ങൾ ഉണ്ടാവുക നമ്മുടെ കുടുംബപ്രാർത്ഥനകൾ വെറും അധരവ്യായാമങ്ങളായി പോകുന്നതുകൊണ്ടാണ്. നമ്മുടെ പ്രാർത്ഥനകളും കൂദാശാപരികർമ്മങ്ങളും വെറും ചൊല്ലിത്തീർക്കുന്ന അവസരമായി മാറാതെ നമ്മുടെ ഹൃദയങ്ങൾ ധ്യാനത്തിന്റെയും പ്രാർത്ഥനയുടെയും പുന്തോപ്പാക്കാനുള്ള സന്ദേശമാണ് സഖറിയ ഇന്നു നമ്മുക്ക് നൽകുക.

**നാവിന്റെ വന്ധ്യത്വം: ദൈവമഹത്വം വെളിപ്പെടാനുള്ള ഉപാധി**

പഴയനിയമത്തിൽ ഉദരത്തിന്റെ വന്ധ്യത്വം ദൈവമഹത്വം വെളിപ്പെടാനുള്ള മാർഗ്ഗമായിട്ടാണ് പ്രത്യക്ഷപ്പെടുന്നത്. പുതിയനിയമത്തിലും കണ്ണിനു വന്ധ്യത്വം ബാധിച്ചവരെയും ചെവിക്ക് വന്ധ്യത്വം ബാധിച്ചവരെയും ജീവനുപോലും (ലാസർ) വന്ധ്യത്വം ബാധിച്ചവരെയും കാണുമ്പോൾ യേശു പറയുന്നത് ഈ വന്ധ്യത്വം സംഭവിച്ചത് ഇവന്റെ പാപം മൂലമല്ല മറിച്ച് ദൈവമഹത്വം വെളിപ്പെടുന്നതിനുവേണ്ടിയാണ് എന്നാണ് സഖറിയ-എലിസബത്ത് ദമ്പതികളുടെ ജീവിതത്തിലും സംഭവിക്കുന്നത് ഇതുതന്നെയാണ്.

ഇപ്രകാരമുള്ള വന്ധ്യത്വങ്ങൾ നാമും നമ്മുടെ ജീവിതങ്ങളിൽ അനുഭവിക്കാറുണ്ട്. കുടുംബസ്ഥരായാലും, പുരോഹിതരായാലും, സന്യാസികളായാലും മനുഷ്യർ എന്ന നിലയിൽ മരുഭൂമി അനുഭവത്തിലൂടെ നാം കടന്നുപോകാറുണ്ട്.

## ഉപസംഹാരം

നമ്മുടെ ജീവിതങ്ങളിൽ ഉണ്ടാകാറുള്ള വേദനകളും ദുഃഖങ്ങളും പ്രയാസങ്ങളും എല്ലാം വന്ധ്യത്വങ്ങളാണ്. അതു പല രൂപത്തിലും ഭാവത്തിലും പ്രത്യക്ഷപ്പെടാറുണ്ട്. ശാരീരിക വന്ധ്യത്വം, സാമ്പത്തിക വന്ധ്യത്വം, സാമൂഹ്യ വന്ധ്യത്വം, ആധ്യാത്മിക വന്ധ്യത്വം. അവസ്ഥകൾ ഏതായാലും ഈ മരുഭൂമി അനുഭവത്തിലൂടെ നാം കടന്നുപോകാറുണ്ട്. അപ്പോഴെല്ലാം നാം ഓർക്കേണ്ടത് ഈ സംഭവിക്കുന്നത് ശിക്ഷക്കായിട്ടോ നമ്മുടെ നാശത്തിനോ വേണ്ടിയല്ല മറിച്ച് ദൈവമഹത്വം വെളിപ്പെടുന്നതിനു വേണ്ടിയാണ് എന്നാണ് പൗലോസ് ശ്ലീഹാ സാക്ഷിക്കുന്ന ശരീരത്തിലെ മുള്ള് (2 കോറി. 12:7) ഈ വന്ധ്യത്വത്തെ സൂചിപ്പിക്കുന്നു. ഈ വന്ധ്യത്വം അവനെ വേദനിപ്പിക്കുമ്പോൾ അവൻ ആശ്രയിക്കുന്നത് കർത്താവിന്റെ കൃപയിലാണ്. നമ്മുടെ ജീവിതങ്ങളിലും വന്ധ്യത്വം മൂലം വേദനകൾ ഉണ്ടാകുമ്പോൾ ഓർക്കേണ്ടത്, ഈ വേദനകൾ നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നത് നമ്മുടെ നാശത്തിനു വേണ്ടിയല്ല മറിച്ച് നമ്മളിലൂടെ ദൈവമഹത്വം വെളിപ്പെടുന്നതിന് വേണ്ടിയാണ്. ഈ ഒരുബോധ്യത്തിലേക്കുള്ള യാത്രയാണ് ഇന്ന് നടത്തേണ്ടത്.

# 2014 നവംബർ 23
# പരി. ദൈവമാതാവിനോടുള്ള അറിയിപ്പ്

മത്താ 1:1–17, ഉൽപ 3:8–15, ന്യായാ 13:1–7, ഏശയ്യ 7:10–17, 1 യോഹ 3:1–10, ഹെബ്രാ 13:1–6, ലൂക്കാ 1:26–38

**ബ്രദർ ജെയിംസ് തടത്തിൽ ഒ. ഐ. സി.**

## പശ്ചാത്തലം

വി. ലൂക്കായുടെ സുവിശേഷത്തെ അഞ്ചു ഭാഗങ്ങളായി നമുക്കു വേർതിരിക്കാം. ബാല്യകാല സുവിശേഷം, ശുശ്രൂഷയ്ക്കുള്ള ഒരുക്കം, ഗലീലിയിലെ ശുശ്രൂഷ, ജറുസലേമിലേക്കുള്ള യാത്ര, പീഡാനുഭവവും മഹത്വീകരണവും. യേശുവിന്റെ ബാല്യകാലസുവിശേഷം ലൂക്കായുടെ സുവിശേഷത്തിന്റെ മാത്രം പ്രത്യേകതയാണ്. ഈ ഭാഗത്താണ് യേശുവിന്റെ ജനനത്തെക്കുറിച്ചുള്ള ഗബ്രിയേൽ മാലാഖയുടെ മംഗളവാർത്ത നാം കാണുന്നത്. പ്രധാനമായും യഹൂദക്രിസ്ത്യാനികളല്ലാത്തവർക്കു വേണ്ടിയാണ് വി. ലൂക്കായുടെ സുവിശേഷം രചിക്കപ്പെട്ടത്. യേശുവിന്റെ ജനനം സകലമനുഷ്യർക്കും വേണ്ടിയുള്ള ദൈവികപദ്ധതിയുടെ പൂർത്തീകരണമായിട്ടാണ് ലൂക്കാ സുവിശേഷകൻ കാണുന്നത്.

## പ്രമേയം

മറിയത്തോടുള്ള ഗബ്രിയേൽ മാലാഖയുടെ സന്ദേശം, ദൈവിക തിരഞ്ഞെടുപ്പിന്റെ മാനദണ്ഡങ്ങൾ എപ്പോഴും മാനുഷിക മാനദണ്ഡങ്ങൾക്ക് ഉപരിയാണെന്നു നമുക്കു വ്യക്തമാക്കിത്തരുന്നു. യേശുവിന്റെ മനുഷ്യാവതാരം നമ്മുടെ ഹൃദയങ്ങളിൽ ആത്മീയമായി പൂർത്തീകരിക്കേണ്ടതാണ്. അപ്പോൾ നാമും മംഗളവാർത്തയുടെ യഥാർത്ഥ ശ്രോതാക്കളായി മാറും.

## സന്ദേശം

**മറിയം ദൈവത്തിന്റെ ദാസി.**

യേശുവിന്റ ജനനകാലത്തെ യഹൂദസാമുഹിക ക്രമമനുസരിച്ചു വിവാഹനിശ്ചയത്തിനുശേഷം എതാണ്ടു ഒരു വർഷത്തിനുശേഷമാണ് വിവാഹം നടത്തിയിരുന്നത്. ഈ ഒരു വർഷകാലയളവിനിടയിൽ വിവാഹ നിശ്ചയം ചെയ്തിരിക്കുന്ന പുരുഷൻ ഏതെങ്കിലും കാരണത്താൽ മരണ മടഞ്ഞാൽ വിവാഹം കഴിഞ്ഞിട്ടില്ലെങ്കിൽപോലും ആ കന്യകയെ വിധവ യായിട്ടാണ് സമൂഹം കരുതിയിരുന്നത്. അതുപോലെതന്നെ വിവാഹ ത്തിനുമുമ്പ് ഒരു കന്യക ഗർഭിണിയായാൽ പരസ്യവിചാരണയ്ക്കു ശേഷം കല്ലെറിഞ്ഞു കൊല്ലുന്നതായിരുന്നു നിയമം. ഇത്രമാത്രം സ്ത്രീ സ്വാതന്ത്ര്യം ഹനിക്കപ്പെട്ടിരുന്ന ഒരു സമൂഹത്തിലാണ് മറിയം ദൈവ ഹിതത്തിനു സമ്മതം മൂളിയത്. ഇതു വ്യക്തമാക്കന്നത് മറിയത്തിന്റെ അചഞ്ചലമായ ദൈവാശ്രയമാണ്. യഥാർത്ഥ സമർപ്പണം എപ്പോഴും നമുക്കു നൽകുന്നത് വെല്ലുവിളികളും അരക്ഷിതത്വമായിരിക്കും.

വചനമായ ദൈവം എപ്പോഴാണ് മനുഷ്യനായി നമ്മുടെയിടയിൽ വസിച്ചത്? “ഇതാ ഞാൻ കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ”( ലൂക്ക 1:38) എന്ന ഗബ്രിയേൽ മാലാഖയോടുള്ള മറിയ ത്തിന്റെ പ്രത്യുത്തരിക്കലിലാണ്. ഇവിടെ മറിയം പരിപൂർണ്ണമായി തന്റെ ജീവിതം ദൈവത്തിനു സമർപ്പിച്ചു ദൈവഹിതം മാത്രം സ്വജീവിതധർമ്മ മായി സ്വീകരിച്ചതിനാലാണ് ഈ ഉത്തരം നൽകാൻ പ്രാപ്തയായത്. യഹൂദവിശ്വാസം അനുസരിച്ചു എല്ലാ കുട്ടികൾക്കും മൂന്നു സംരക്ഷക രാണുള്ളത്. മാതാവും പിതാവും ദൈവവും. ഇവിടെ ശാരീരികപിതാവി ല്ലാതെ പരിശുദ്ധാത്മാവിനാൽ ദൈവപുത്രൻ മനുഷ്യാവതാരം ചെയ്യു മ്പോൾ നാം ദർശിക്കുക നിർമ്മലയായ കന്യകമറിയാമിലൂടെയുള്ള ദൈവ പുത്രന്റെ ശ്രേഷ്ഠമായ ജനനമാണ്. ദൈവഹിത പൂർത്തീകരണത്തിനായി തന്നെ പൂർണ്ണമായി സമർപ്പിക്കുന്ന ഏവർക്കും മനുഷ്യബുദ്ധിക്കും യുക്തി

ക്കും മനസ്സിലാക്കാൻ കഴിയാത്തവിധമുള്ള അനുഗ്രഹങ്ങൾ ദൈവം നൽകുമെന്നു മറിയത്തിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

**മറിയത്തിന്റെ ജീവിതം ക്രിസ്തീയ ജീവിതത്തിൽ**

ക്രിസ്തീയ ജീവിതം അതിൽതന്നെ സമർപ്പണത്തിന്റെ ജീവിതമാണ്. കാരണം എല്ലാം ക്രിസ്ത്യാനികളും വിളിക്കപ്പെട്ടിരിക്കുന്നത് ക്രിസ്തുവിനെ അനുഗമിക്കാനാണ്. എന്താണ് ക്രിസ്തുവിന്റെ ജീവിതത്തിന്റെ സവിശേഷത? യേശുവിന്റെ ജീവിതം സ്വജീവിൻതന്നെ പാപപരിഹാര ബലിയായി നമുക്കു നൽകിയ സമ്പൂർണ്ണ സമർപ്പണമായിരുന്നു. യേശുവിന്റെ ഈ സമർപ്പണത്തിന്റെ മുന്നാസ്വാദനമാണ് നാം മറിയത്തിന്റെ ജീവിതത്തിൽ ദർശിക്കുക. ദൈവപുത്രൻ തന്റെ ഉദരത്തിൽ ഉരുവായ നിമിഷംമുതൽ മറിയം മറ്റുള്ളവർക്കുവേണ്ടി തന്റെ ജീവിതം സേവനനിരതമാക്കാൻ തിടുക്കം കൂട്ടുകയാണ്. ഇതാണ് പരിശുദ്ധാത്മ നിറവിൽ ഒരു വ്യക്തിയിൽ സംഭവിക്കുന്ന രൂപാന്തരീകരണം. ഇന്നു സമൂഹം നേരിടുന്ന ഒരു വലിയ സാമൂഹിക വിപത്തായ കുടുംബ ശിഥിലീകരണത്തിനുള്ള ക്രിസ്തീയ പരിഹാരം നമ്മുടെ കുടുംബങ്ങൾ പരിശുദ്ധാത്മ നിറവിൽ പരസ്പരം സമർപ്പണത്തിലൂടെ നസ്രത്തിലെ തിരുക്കുടുംബത്തോടു അനുരൂപപ്പെടുകയാണ്. പരിശുദ്ധാത്മ നിറവാണ് കുടുംബത്തിന്റെ ആത്മീയ സൗന്ദര്യം.

ദൈവതേജസ്സിനാൽ നിറയപ്പെട്ടവളായി മറിയം എലിസബത്തിനെ സന്ദർശിച്ചപ്പോൾ അത് എലിസബത്തിനു പരിശുദ്ധാത്മ നിറവിന്റെ പൂർത്തീകരണമായ ആനന്ദം നൽകുന്നു. "എന്റെ കർത്താവിന്റെ അമ്മ എന്റെ അടുക്കൽ വരാനുള്ള ഈ ഭാഗ്യം എനിക്ക് എവിടുന്ന്"(ലൂക്കാ 1:43) എന്നവൾ സന്തോഷത്തോടെ ഉദ്ഘോഷിക്കുന്നു. ഓരോ വിശ്വാസിയുടേയും സേവനമേഖലകൾ യേശുവിനെ ഹൃദയത്തിൽ വഹിച്ചുകൊണ്ടുള്ളതായിരിക്കണം. അപ്പോൾ നമ്മുടെ ദൈവാശ്രയത്തിലധിഷ്ഠിതമായ സേവനങ്ങൾ അതു ലഭിക്കുന്നവർക്കു എലിസബത്തിനു മറിയത്തെ കണ്ടപ്പോഴുണ്ടായതുപോലെയുള്ള ആനന്ദം നൽകും.

**ഉപസംഹാരം**

മറിയത്തിന്റെ ജീവിതം മുഴുവൻ സഹനത്തിന്റെയും ദൈവഹിത നിവർത്തിയുടേതുമായിരുന്നു. മംഗളവാർത്തമുതൽ കാൽവരിവരെ നാം കാണുന്നത് ഈ സമ്പൂർണ്ണ സമർപ്പണമാണ്. സഹനം അതിൽതന്നെ ശ്രേഷ്ഠമോ പുണ്യപൂർണ്ണതയോ അല്ല. സഹനം ശ്രേഷ്ഠവും പുണ്യ പൂർണ്ണവുമാകുന്നത് സ്വന്തം സഹനങ്ങളേയും സഹോദരർക്കുവേണ്ടി ഏറ്റെടുക്കുന്ന സഹനങ്ങളേയും ദൈവികപദ്ധതിയുടെ ഭാഗമായി കണ്ട് ഏറ്റെടുക്കുമ്പോഴാണ്. അപ്പോൾ സഹനം രക്ഷാകരമായിതീരും. അവിടെ പരിഭവമോ പരാതിയോ കാണില്ല. സഹനത്തിലും ജീവിതം സംതൃപ്തമാ യിരിക്കും. ഇന്നു നമ്മുടെ ജീവിതത്തിൽ അസ്വസ്ഥതകൾ പെരുകുന്നു ണ്ടെങ്കിൽ നാം മനസ്സിലാക്കുക, നമ്മുടെ സഹനങ്ങൾക്കു നാം ഉത്തരം കണ്ടെത്താൻ ശ്രമിക്കുന്നതു യേശുവിന്റെ കുരിശിനു പുറത്തായിരിക്കാം. മറിയത്തിന്റെ ജീവിതം നമുക്കു നൽകുന്ന സന്ദേശം ഇതാണ്. നമ്മുടെ ജീവിതസഹനങ്ങളെ നാം യേശുവിന്റെ കരംപിടിച്ചു രക്ഷാകരമാക്കി മുമ്പോട്ടു പോവുക. ഇങ്ങനെയുള്ളവർക്കാണ് പ്രത്യാശയുടെ കിഴക്കു ദിച്ച ആ അത്ഭുതതാരം മുമ്പേ പോയി വഴി തെളിക്കുക.

# 2014 നവംബർ 30

# പരി. ദൈവമാതാവ് എലിസബത്തിനെ സന്ദർശിക്കുന്നു

ലൂക്ക. 1:39-45; ഉല്പ. 18:1-15; 1 സാമു. 2:1-11;
ഏശ. 29:17-24; 1 പത്രോ. 2:1-10; 1 തിമോ. 2:8-15

**ബ്രദർ ജോൺസൺ പേഴുംകൂട്ടത്തിൽ ഒ. ഐ. സി.**

## പശ്ചാത്തലം

രണ്ട് അറിയിപ്പുകളുടെ തുടർച്ചയായിട്ടാണ് മാതാവ് എലിസബത്തിനെ ശുശ്രൂഷിക്കാൻ വരുന്നത്. പരി. കന്യകാമറിയത്തിന്റെ ഉദരത്തിലുള്ള ശിശുവിന്റെ ദൈവിക സാന്നിധ്യം തിരിച്ചറിഞ്ഞ എലിസബത്തിന്റെ ഉദരത്തിലുള്ള ശിശു സന്തോഷത്താൽ കുതിച്ചു ചാടുന്നു. ഹന്നായുടെ സ്തോത്രഗീതത്തിനു (1 സാമു 2:110) സമാന്തരമായി മറിയം ഇവിടെ സ്തോത്രഗീതം ഉരുവിടുന്നുവെന്ന് ലൂക്കാ സുവിശേഷകൻ ചൂണ്ടിക്കാണിക്കുന്നു.

## പ്രമേയം

**പരി. മറിയത്തിന്** ദൈവദൂതനിൽ നിന്നു ലഭിച്ച ദൂതനുസരിച്ച് (ലൂക്ക.1:36) മറിയം തിടുക്കത്തിൽ എലിസബത്തിനെ സന്ദർശിക്കുവാനായി കടന്നുചെല്ലുന്നു. മറിയം എലിസബത്ത് എന്ന ചാർച്ചക്കാരിയെ സന്ദർശിക്കുന്നതിന്, ദൈവരാജ്യ സ്ഥാപനത്തിനു പാതയൊരുക്കുവാനായി (മിശിഹായ്ക്കു വഴിയൊരുക്കുവാൻ) കടന്നു വരുന്നവനെ സന്ദർശിക്കുക  എന്ന ലക്ഷ്യം കൂടിയുണ്ടായിരുന്നു.

## സന്ദേശം

"എലിസബത്തിന് ഇത് ആറാം മാസമാണ്" എന്ന അടയാളം മറിയത്തിനു ലഭിച്ച മംഗളവാർത്തയിൽ നല്കപ്പെട്ടതാണ്. അതിനാൽ, മറിയം യൂദയായിലെ മലമ്പ്രദേശത്തുള്ള ഭവനത്തിലേക്കു പോകുന്നു.

അവൾ സഖറിയായുടെ ഭവനത്തിൽ പ്രവേശിച്ച് സഖറിയായുടെ ഭാര്യയായ എലിസബത്തിനെ അഭിവാദനം ചെയ്യുന്നു. രണ്ട് അമ്മമാരുടെയും രണ്ടു ശിശുക്കളുടെയും കൂടിക്കാഴ്ചയാണിത്. ശിശുക്കൾ അമ്മമാരുടെ ഉദരത്തിലാണ്. പഴയനിയമത്തിലെ പ്രവാചകന്മാരിൽ അവസാനത്തെയാളുടെ അമ്മയാണ് എലിസബത്ത്. അവൾ വന്ധ്യയും പ്രായം കവിഞ്ഞവളുമായിരുന്നു. മറിയം ആകട്ടെ, കന്യകയും യുവതിയുമാണ്. എലിസബത്ത് ഗർഭം ധരിച്ചത് സഖറിയായിൽ നിന്നുമാണ്. മറിയമാകട്ടെ ഒരു പുരുഷന്റെയും സംയോഗമില്ലാതെ പരിശുദ്ധാത്മാവിൽ നിന്ന് ഗർഭം ധരിച്ചിരിക്കുന്നു. ഗബ്രിയേൽ ദൂതൻ മറിയത്തോടു പറഞ്ഞു, “പരിശുദ്ധാത്മാവ് നിന്റെ മേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിക്കും.” നിഴലിക്കും എന്ന ഗ്രീക്കു പദം എപ്പിസ്കിയാസ്സെയിൻ എന്നാണ്. മരുഭൂമിയിലൂടെ സഞ്ചരിക്കുന്ന സക്രാരിയായ സമാഗമ കൂടാരത്തിൽ ദൈവിക തേജസ്സിന്റെ മേഘങ്ങൾ ഇറങ്ങിവന്നതിനെ സൂചിപ്പിക്കാൻ ഇതേ പദമാണ് ഉപയോഗിച്ചത്. സമാഗമകൂടാരത്തെ മേഘം ആവരണം ചെയ്തു; പേടകം കർത്താവിന്റെ മഹത്വത്താൽ നിറഞ്ഞു. സമാഗമ കൂടാരത്തിൽ പ്രവേശിക്കുവാൻ മോശക്കു കഴിഞ്ഞില്ല. കാരണം, മേഘം അതിനെ ആവരണം ചെയ്തിരുന്നു.(പുറ.40:34,35) പേടകം കർത്താവിന്റെ തേജസ്സിൽ നിറഞ്ഞിരുന്നു. പുറപ്പാടു പുസ്തകം 25:20 ലും 1 ദിനവൃത്താന്തം 28:18 ലും ദൈവികസാന്നിധ്യത്തിന്റെ പ്രതീകമായി മേഘം നിഴലിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. കർത്താവിനെ വഹിക്കുന്ന മറിയത്തിലും ഈ ദൈവികതേജസ്സ് നിറഞ്ഞുനില്ക്കുന്നു. അതുകൊണ്ടാണു ഗബ്രിയേൽ ദൂതൻ മറിയത്തെ ‘നന്മനിറഞ്ഞവളേ‘ എന്നു വിശേഷിപ്പിക്കുന്നത്. ഈ ദൈവിക തേജസ്സ് പകർന്നു കൊടുക്കുവാനാണ് അവൾ എലിസബത്തിന്റെ അടുത്തേക്കു പോകുന്നതും തുടർന്ന് തന്റെ ചാർച്ചക്കാരിയായ എലിസബത്തിനോടൊപ്പം ദൈവത്തെ സ്തുതിക്കുകയും നന്ദി പറയുകയും ചെയ്യുന്നതും. അതുകൊണ്ടുതന്നെ ഇവരുടെ ഇടയിലുണ്ടായ വ്യത്യസ്തമായ മൂന്ന് ആനന്ദ നിറവിനെക്കുറിച്ചു പരാമർശിക്കപ്പെടുന്നതും കാണാം.

1. പരി. കന്യകമറിയത്തിനുണ്ടായ സന്തോഷവും അതു പങ്കുവയ്ക്കുന്നതും

2. എലിസബത്തിൽ നിറയുന്ന ആനന്ദം

3. എലിസബത്തിന്റെ ഉദരത്തിലെ കുഞ്ഞിന്റെ കുതിച്ചുചാട്ടം

ഒന്നാമതായി, തനിക്കു ലഭിച്ച സന്തോഷം അറിയിക്കുവാനും ഇളയമ്മയെ ശുശ്രൂഷിക്കുവാനുമായിട്ടാണ് പരി. കന്യകാമറിയം തിടുക്കത്തിൽ യാത്രപുറപ്പെടുന്നത്. ഈ യാത്രയിൽ പരി. കന്യക മറിയാമിൽ നിറഞ്ഞുനില്ക്കുന്നത് നിറഞ്ഞ മനസ്സും നിറഞ്ഞ സന്തോഷവും വിനയവുമാണ്. ഇതൊക്കെക്കൊണ്ടാണ് പിന്നീട് പരി.കന്യകാമറിയം ദൈവത്തിന്റെ അനുഗ്രഹങ്ങൾക്കു സ്തോത്രഗീതം ആലപിക്കുന്നത്. അവൾക്കു ആവശ്യമായ രീതിയിൽ തന്റെ ആരോഗ്യം കാത്തുസൂക്ഷിക്കേണ്ട സമയത്ത് തന്റെ ജീവിതം ശുശ്രൂഷയ്ക്കായി മാറ്റിവയ്ക്കുന്നു. സന്തോഷത്തോടുകൂടി ഈ അവസ്ഥയെ ഏറ്റെടുക്കുവാൻ അവൾ ഇറങ്ങിത്തിരിക്കുന്നതിനാൽ കന്യകമറിയം നമ്മുടെ ജീവിതത്തിൽ ഒരു വെല്ലുവിളി ഉയർത്തുന്നില്ലേ? അവ എങ്ങനെയൊക്കയാണ്?

ദൈവത്തിന്റെ അനുഗ്രഹത്താൽ ലഭിക്കുന്ന സന്തോഷം മറ്റുള്ളവരുമായി പങ്കുവയ്ക്കാതെ തങ്ങളിൽത്തന്നെ ഒതുങ്ങിക്കൂടാൻ ശ്രമിക്കുന്നവർക്കും തങ്ങൾക്കു ചുറ്റുമുള്ളവരെ സഹായിക്കാതെയും സ്നേഹിക്കാതെയും മാറി നടക്കുന്നവർക്കും മറിയം ഒരു വെല്ലുവിളി യാണ്.

രണ്ടാമതായി, എലിസബത്തിൽ നിറയുന്ന സന്തോഷം രണ്ടു രീതിയിൽ കാണാം. പ്രായാധിക്യത്തിന്റെ ബുദ്ധിമുട്ടുകൾ നിറഞ്ഞു നില്ക്കുമ്പോൾ ആരെങ്കിലും ശുശ്രൂഷിക്കുവാൻ മനസ്സ് കാണിക്കുമോ എന്നു ചിന്തിക്കുമ്പോഴായിരിക്കാം പരി.കന്യകമറിയത്തിന്റെ വരവ്. അപ്പോൾ എലിസബത്തിൽ ഉണ്ടാകുന്ന സന്തോഷം പറഞ്ഞറിയിക്കാൻ കഴിയുന്നതിലുമപ്പുറമാണ്. എലിസബത്തിൽ ഉണ്ടായ സന്തോഷത്തിൽ രണ്ടാമത്തേത്, ഉദരത്തിൽ ശിശു കുതിച്ചു ചാടിയതാണ്. അതിനു കാരണമോ, കർത്താവിന്റെ അമ്മയുടെ സാന്നിധ്യം.

മൂന്നാമതായി, എലിസബത്തിന്റെ ഉദരത്തിലെ കുഞ്ഞിന്റെ കുതിച്ചുചാട്ടം - മറിയത്തിന്റെയും മറിയത്തിന്റെ ഉദരത്തിലെ ശിശുവായ യേശുവിന്റെയും സാന്നിധ്യം എലിസബത്തിനെ പരിശുദ്ധാത്മാവ്

കൊണ്ടു നിറയ്ക്കുന്നു. ദൈവത്തിന്റെ മിശിഹായെ വഹിക്കുന്നവളാണ് പരി.കന്യകമറിയം. അതിനാൽ, അവളിൽ നിറഞ്ഞു നിന്നിരുന്നത് ദൈവിക വരപ്രസാദമായിരന്നു. അതുകൊണ്ടാണ് ഉദരത്തിലെ ശിശുവിന്റെ കുതിച്ചു ചാട്ടത്തെ എലിസബത്ത് ആനന്ദത്തിന്റെ കുതിച്ചുചാട്ടമെന്ന് വിശേഷിപ്പിച്ചത്(ലൂക്ക.1:46). മറിയത്തിന്റെ ഉദരത്തിൽ മിശിഹായാണെന്നു തിരിച്ചറിഞ്ഞ എലിസബത്തിന്റെ ഉദരത്തിലെ യോഹന്നാൻ സന്തോഷംകൊണ്ടു തുള്ളിച്ചാടുന്നു. യുഗങ്ങളുടെ പ്രതീക്ഷയായ മിശിഹായെ കണ്ടതിലുള്ള യോഹന്നാന്റെ ആഹ്ലാദമാണിത്. മിശിഹായെ കണ്ടുമുട്ടുന്ന ഏതു വ്യക്തിയുടെ ജീവിതത്തിലും ആനന്ദത്തിന്റെ തുള്ളിച്ചാട്ടമാണുണ്ടാകേണ്ടത്. ദൈവവരപ്രസാദം ലഭിച്ച ഏതു വ്യക്തിയും ദൈവതിരുമുമ്പിൽ ആനന്ദനൃത്തമാടും. ഇതിനു ഒരുദാഹരണം പഴയ നിയമത്തിൽ കാണാം. ഇസ്രയേലിനു നഷ്ടപ്പെട്ട ദൈവത്തിന്റെ പേടകം തിരിച്ചുകിട്ടിയപ്പോൾ ആ പേടകത്തിനു മുമ്പിൽ നഗ്നനായി ദാവീദ് തുള്ളിച്ചാടി നൃത്തം ചെയ്തു. സാവൂളിന്റെ മകളും ദാവീദിന്റെ ഭാര്യയുമായ മിഖാലിന് അതുകണ്ട് ലജ്ജയുണ്ടായി. അവൾ ദാവീദിനോടു പറഞ്ഞു, അയ്യേ നാണമില്ലേ ഇസ്രയേലിന്റെ രാജാവായ നിങ്ങൾക്ക് സ്ത്രീകളുടെ മുൻപിൽ നിർലജ്ജം നഗ്നത പ്രദർശിപ്പിച്ചിക്കാൻ. ദാവീദ് പറഞ്ഞു, എന്റെ കർത്താവിന്റെ മുമ്പാകെയാണു ഞാൻ ആനന്ദനൃത്തം ചെയ്തത്. അതേ കർത്താവിന്റെ മഹത്വത്തിൽ ഞാൻ നിന്റെ മുമ്പിൽ ഇതിൽ കൂടുതൽ അധിക്ഷേപാർഹനും നിന്ദ്യനുമാകും. എന്നാൽ നീ പറഞ്ഞ പെൺകുട്ടികൾ ഇതുനിമിത്തം എന്നെ ബഹുമാനിക്കും.(2 സാമു.6:16-21) മറിയം ഇപ്പോൾ ദൈവത്തിന്റെ മിശിഹായെ വഹിക്കുന്ന പേടകമാണ്. യോഹന്നാൻ ദാവീദിനെപ്പോലെ ദൈവത്തിന്റെ പേടകത്തിനുമുമ്പിൽ നൃത്തം ചെയ്യുകയാണ്.

ഈ വേദഭാഗം നമ്മെ പഠിപ്പിക്കുന്നത്, എങ്ങനെയാണ് സന്തോഷം പങ്കുവയ്ക്കേണ്ടതെന്നാണ്. സ്നേഹം വേണമെങ്കിൽ, അതു കൊടുക്കാനും ഒരുവൻ പഠിക്കണം. യഥാർത്ഥജീവിതത്തിൽ വിലയുള്ളതു നല്കുമ്പോൾ മാത്രമേ ഇരട്ടിക്കുകയുള്ളൂ. സാധനയിലൂടെ ഒരാൾക്കു ലഭിക്കുന്നതൊക്കെയും അയാൾ ലോകത്തിനു തിരിച്ചുകൊടുക്കണെ

മെന്നു  ഗൗതമബുദ്ധൻ മൊഴിയുന്നു. അപ്പോൾ അയാൾക്കു ലഭിക്കുന്ന ആശീർവാദമാണ് അയാളിൽ അർത്ഥമുളവാക്കുന്നത്. ഇതാണ് പരി. കന്യകാമറിയം തന്റെ ജീവിതത്തിലൂടെ നമ്മുക്കു കാട്ടിത്തന്നത്. എന്നാൽ നഷ്ടചിന്തയോടും പാതിമനസ്സോടും ആണ് ഒരാൾ നല്കുന്നതെങ്കിൽ അത് ഒരു യഥാർത്ഥ സമ്മാനം ആകുന്നില്ല. അതിനാൽ എന്തും മറ്റുള്ള വർക്കു ചെയ്തുകൊടുക്കാമെന്നു നമുക്കു ചിന്തിക്കാം. അതു ചിലപ്പോൾ ഭൗതികമായ എന്തെങ്കിലും ആകണമെന്നില്ല. അതൊരു പൂവാകാം, ചെറു സമ്മാനമാകാം, പ്രാർത്ഥനയാകാം, മൗന മന്ദഹാസമാകാം, ഒരു ആശീർ വാദമാകാം. ഇതെല്ലാം ചെയ്യുന്നതിലൂടെ ഒരു നന്മ നിറഞ്ഞ വ്യക്തിത്വം നാം അറിയാതെ രൂപപ്പെടുന്നുണ്ട്. അതാണു സ്നേഹത്തിന്റെയും കാരു ണ്യത്തിന്റെയും വിനയത്തിന്റെയും സന്തോ ഷത്തിന്റെയും വ്യക്തിത്വം.

പ്രിയമുള്ളവരെ, ഈ സുവിശേഷം നമ്മുടെ വിചിന്തനത്തിനായി നമുക്കു നൽകുന്നത്, സന്തോഷകരമായ ജീവിതം നയിക്കുവാനും മറ്റുള്ളവർക്ക് സന്തോഷം പകർന്നുകൊടുക്കുവാനുമാണ്. പരി. കന്യക മറിയത്തിലുണ്ടായ സന്തോഷം, എലിസബത്തിലുണ്ടായ സന്തോഷം, ഉദരത്തിലുള്ള കുഞ്ഞിന്റെ സന്തോഷം, ഇവയെല്ലാം വ്യത്യസ്തമായ സന്തോഷങ്ങളാണെങ്കിൽ പോലും സാധാരണമായ നമ്മുടെ ജീവിത ത്തിൽ നാം രൂപപ്പെടുത്തേണ്ടവയാണ്. അങ്ങനെയുണ്ടാകുന്ന ദൈവാ നുഭവം മറ്റുള്ളവരിൽ നിന്നു തിരിഞ്ഞു നിൽക്കുവാനുള്ളതല്ല. മറ്റുള്ള വരോടൊപ്പം ആനന്ദിക്കുമ്പോൾ ഞാൻ എന്റെ ദൈവത്തോടൊപ്പം ആനന്ദിക്കുന്നുവെന്നു ചിന്തിച്ചുകൊള്ളുവിൻ.